**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2018-19 –ഉഴവൂർ ഗ്രാമപഞ്ചായത്ത്- ലൈഫ് മിഷൻ (ജനറൽ), വീട് പുനരിദ്ധാരണം (എസ്.റ്റി) എന്നീ പദ്ധതികളുടെ സറണ്ടർ ചെയ്ത തുക അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2523/2019/ധന. തീയതി, തിരുവനന്തപുരം, 27 മാർച്ച് 2019

---

പരാമർശം. 1) സ.ഉ.(അ) നം.119/2015/ധന തീയതിഃ 21/03/2015
2) സ.ഉ.(അ) നം.419/2015/ധന തീയതിഃ 19/09/2015
3) ഉഴവൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 25/02/2019 ലെ എ 4-4722/18/1,2 നം.കത്ത്
4) സ.ഉ.(സാധാ) നം.2450/2019/ധന തീയതിഃ26/03/2019

**<u>ഉത്തരവ്</u>**

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് വീട് നിർമ്മാണം - ജനറൽ എന്ന പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അനുവദിച്ച 40,000/- രൂപയും വീട് പുനരിദ്ധാരണം - എസ്.റ്റി എന്ന പദ്ധതി പ്രകാരം മറ്റൊരു ഗുണഭോക്താവിന് അനുവദിച്ച 30,000/- രൂപയും പദ്ധതികളിൽ തുടരാൻ താല്പര്യമില്ലായെന്ന് കാണിച്ച് പ്രസ്തുത ഗുണഭോക്താക്കൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ തിരിച്ചടയ്ക്കുകയും ടി തുകകൾ ഉഴവൂർ സബ് ട്രഷറിയിൽ യഥാക്രമം '3604-00-200-86-(05)-35', '3604-00-200-86-(15)-35' എന്നീ കണക്ക് ശീർഷകങ്ങളിൽ തിരിച്ചടച്ചപ്പോൾ ലഭിച്ച ചെലാൻ നമ്പരുകൾ ഉപയോഗിച്ച് സാംഖ്യ വെബിൽ ബിൽ സറണ്ടർ ചെയ്യുകയും ACR- ൽ ടി തുക വീണ്ടും ക്രഡിറ്റ് ചെയ്യുകയും ചെയ്തുവെങ്കിലും സറണ്ടർ ചെയ്ത തുക കൂടി കാണിച്ചാണ് BAMS - ൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും തുക നൽകുന്നതിന് അർഹരായ വേറേ ഗുണഭോക്താക്കൾ ഉള്ള സാഹചര്യത്തിൽ മേൽ ശീർഷകങ്ങളിൽ യഥാക്രമം വീണ്ടും ക്രെഡിറ്റ് ചെയ്ത് നൽകണമെന്നും പ്രസ്തുത തുകകൾ 100% ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നും ഉഴവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഉഴവൂർ ഗ്രാമപഞ്ചായത്തിൽ 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ലൈഫ് മിഷൻ ഭൂമിയുള്ള ഭവനരഹിതർക്ക് വീട്

നിർമ്മാണം - ജനറൽ എന്ന പദ്ധതി പ്രകാരം തിരിച്ചടച്ച 40,000/- രൂപ (നാല്പതിനായിരം രൂപ മാത്രം) വികസനഫണ്ടിന്റെ '3604-00-200-86-(05)-35' പൊതു വിഭാഗം കണക്ക് ശീർഷകത്തിലും ടി ഗ്രാമപഞ്ചായത്തിൽ 2018-19 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പുനരിദ്ധാരണം - എസ്.റ്റി എന്ന പദ്ധതി പ്രകാരം തിരിച്ചടച്ച 30,000/- രൂപ (മുപ്പതിനായിരം രൂപ മാത്രം) വികസനഫണ്ടിന്റെ '3604-00-200-86-(15)-35-TSP' കണക്ക് ശീർഷകത്തിലും ഉഴവൂർ ഗ്രാമപഞ്ചായത്തിന് (G050406) അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവാകുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
സെക്രട്ടറി, ഉഴവൂർ പഞ്ചായത്ത്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ , തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
ഡയറക്ടർ , വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (E-1140487)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.